## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3753 15-12-2014-ൽ മറുപടിയ്ക്ക്

### മദ്യനയത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ടവർ

ചോദ്യം: ഉത്തരം:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മദ്യനയത്തിന്റെ ഭാഗമായി അടച്ചുപൂട്ടപ്പെട്ട ബാറുകളിലും, ബിവറേജ് ഔട്ട്ലറ്റുകളിലുമായി തൊഴിൽ നഷ്ടപ്പെട്ടവർക്ക് എത്ര രൂപയുടെ സമാശ്വാസം പ്രഖ്യാപിച്ചെന്ന് വെളിപ്പെടുത്താമോ; | (എ) | അടച്ചുപൂട്ടപ്പെട്ട ബാറുകളിലെ രജിസ്റ്റേർഡ് തൊഴിലാളികൾക്ക് 5000/- രൂപ വീതം ഓണക്കാലത്ത് സമാശ്വാസം നൽകി. ഡിസംബർ മാസത്തിൽ 10,000/- രൂപയും ആത്മഹത്യ ചെയ്ത ബാർ തൊഴിലാളികളുടെ കുടുംബത്തിന് 2 ലക്ഷം രൂപ വീതവും പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ ഇതിനകം എത്ര പേർക്ക് എത്ര തുക വീതം ആകെ എത്ര തുക സമാശ്വാസം നൽകിയെന്ന് വിശദമാക്കാമോ; | (ബി) | ഇതിനകം 5851 പേർക്ക് 5000/- രൂപ വീതം ആകെ 2,92,55,000/- രൂപ സമാശ്വാസമായി നൽകിയിട്ടുണ്ട്. |
| (സി) | തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികൾ ആത്മഹത്യയിലേയ്ക്ക് തിരിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനകം എത്ര തൊഴിലാളികൾ ആത്മഹത്യ ചെയ്തെന്ന് വെളിപ്പെടുത്താമോ; | (സി) | നാല് തൊഴിലാളികൾ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | കൂട്ട ആത്മഹത്യ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) | ബാർ ഹോട്ടലുകൾ പൂട്ടുന്നതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി 'പുനർജനി 2030' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ